
A Publication from St. Jude Church, Udayanagar
Vol 8 | Issue 01 | APRIL 2024

# Udayajyothi

ഉദയജ്യോതി

For Private Circulation Only



സാക്ഷ്യങ്ങൾ

SPECIAL EDITION

TESTIMONIES






ദൈവത്തിനു

# നന്ദി!

ദൈവകൃപയാൽ
സെന്റ് ജൂഡ് ഇടവക
ഒരു തീർത്ഥാടന
കേന്ദ്രമായി
ഉയർത്തിയിരിക്കുന്നു




സ്നേഹമുള്ള സഹോദര വൈദികരെ,
സമർപ്പിതരെ, മാണ്ഡ്യ രൂപതയിലെ
ഉദയനഗർ സെൻറ് ജൂഡ് ഇടവകയിലെ
പ്രിയപ്പെട്ട ദൈവജനമേ, മാണ്ഡ്യ രൂപതയിലെ
ഉദയനഗർ പള്ളി രൂപതയുടെ ഒരു തീർത്ഥാടന
കേന്ദ്രമായി പ്രഖ്യാപിക്കുകയാണല്ലോ.
നിങ്ങളുടെ ദേവാലയം ഒരു തീർത്ഥാടന
കേന്ദ്രമായി ഉയർത്തുന്നതിൽ വളരെ
സന്തോഷമുണ്ട്. വിശുദ്ധ യൂദാ തദേവൂസിന്റെ
മാധ്യസ്ഥം വഴി നിങ്ങളുടെ ഇടവകക്കും
മാണ്ഡ്യ രൂപതയിലെ എല്ലാ മനുഷ്യർക്കും യൂദാ
തദേവൂസിൻറെ മാധ്യസ്ഥം അനുഗ്രഹമായി
മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ പുതിയ
തീർത്ഥാടന കേന്ദ്രം ആദ്ധ്യാത്മികമായി
ഈ രൂപതയെ വളർത്താൻ കാരണമാകട്ടെ.
നിങ്ങൾക്കെല്ലാവർക്കും വി. യൂദാതദേവൂസിന്റെ
മാദ്ധ്യസ്ഥവും മാണ്ഡ്യ രൂപതയ്ക്ക് പ്രാർത്ഥ
നാശംസകളും നേർന്നുകൊണ്ട്,

**സ്നേഹമുള്ള റാഫേൽ തട്ടിൽ**
**പിതാവ് സീറോ മലബാർ സഭയുടെ**
**മേജർ ആർച്ച് ബിഷപ്പ്**

# ആശംസകൾ

# Greetings



Dear Fathers, Sisters, and all the faithful of Udayanagar parish.

It is a matter of great joy for the Diocese of Mandya to raise the parish church at Udayanagar to the status of Diocesan Pilgrim Centre for prayer, worship and special veneration. My blessings to all the members of Udayanagar Parish. I humbly exhort the parishioners and devotees to extend wholehearted co-operation to this pilgrimage centre.

This parish is declared a pilgrim centre for the reason of strong devotion to Saint Jude and many come to this parish for worship and prayer. They come to intercede to Saint Jude. St. Jude Thaddeus is the partron of hopeless causes. We turn to St. Jude in times of need and for serious or seemingly hopeless causes where human interventions would not make much sense and we need divine intervention.

For the Mandya diocese, this parish is gift of God since this place has become a refuge for all peoples across languages, cultures and faiths. Father Jomy has been instrumental in popularising this devotion at Udayanagar parish. All the people supported him in this endeavour by making the place available, distributing the food to the devotees etc.

Let this parish become a place where New Testament Values like hospitality, caring, and respect for all are put in place. May we all increase in love.

Wishing you all the best and with kind regards,
Sincerely yours
**BISHOP SEBASTIAN ADAYANTHRATH**
Bishop of Mandya

**“കർത്താവു ഞങ്ങൾക്കുവേണ്ടി വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു; ഞങ്ങൾ സന്തോഷിക്കുന്നു.”**
**സങ്കീർത്തനങ്ങൾ 126:3**



തോമാശ്ലീഹായുടെ പാദസ്പർശമേറ്റ ഭാരതമണ്ണിൽ വിശ്വാസം മുളപൊട്ടി ഉയർന്നു വന്നത് വളക്കൂറുള്ള നല്ല നിലം ഭാരതത്തിനു ഉണ്ടായിരുന്നതുകൊണ്ടാണ്. ക്രിസ്തുവിനെ തിരിച്ചറിഞ്ഞ സമൂഹത്തിന് വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടാൻ നല്ല കാലാവസ്ഥ ഇവിടെ ഉണ്ടായിരുന്നു. വിശുദ്ധ യൂദാശ്ലീഹാ പ്രസിദ്ധനാകുന്നത് അസാധ്യ കാര്യങ്ങളുടെ മധ്യസ്ഥനായിട്ടാണ്. എന്നാൽ ശ്ലീഹന്മാരുടെ ഗണത്തിൽ ചേർന്ന ഈ വിശുദ്ധൻ തോമാസ്ലീഹായാൽ സ്ഥാപിതമായ സുറിയാനി സഭയിലെ ഒരു മികവുറ്റ നേതാവായിരുന്നു. തോമാസ്ലീഹായ്ക്കു ശേഷം അദ്ദേഹത്തിന് സാധിക്കാതെ പോയ സുവിശേഷം പൂർത്തിയാക്കാൻ ക്രിസ്തുവിനു സാധിച്ചത് യൂദാശ്ലീഹായിലൂടെ ആയിരുന്നു. തോമാശ്ലീഹ പോയ ഒട്ടുമിക്ക സ്ഥലങ്ങളിലും വിശുദ്ധ യൂദാശ്ലീഹായും സന്ദർശനം നടത്തിയിരുന്നു. എന്നാൽ ഭാരത മണ്ണിൽ യൂദാശ്ലീഹായുടെ കാല്പാടുകൾ പതിഞ്ഞില്ല. തന്റെ മരണ ശേഷം ഒരുപാടു അത്ഭുതങ്ങൾ ഭാരതത്തിൽ നടക്കും എന്ന് അദ്ദേഹം അറിഞ്ഞിരുന്നു. ഇന്ന് തോമ്മാശ്ലീഹായുടെ മക്കളായ നമ്മിലൂടെ യൂദാശ്ലീഹാ ഒരുപാടു അത്ഭുതങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു..

ഭാരതത്തെ സംബന്ധിച്ചിടത്തോളം യൂദാശ്ലീഹാ നമ്മുടെ സഭക്കും നാടിനും അന്യമല്ല. അനേകരുടെ മധ്യസ്ഥനും പ്രിയ വിശുദ്ധനുമാണ് യൂദാശ്ലീഹാ. യൂദാശ്ലീഹായുടെ നാമത്തിലുള്ള ഈ ദേവാലയത്തിൽ അഞ്ചുവർഷം സേവനം ചെയ്യുവാൻ എനിക്ക് സാധിച്ചു. യൂദാശ്ലീഹായെ പരമ്പരാഗതമായി അവതരിപ്പിച്ചിരിക്കുന്നത് ഹൃദയത്തോട് ചേർന്ന് കിടക്കുന്ന ക്രിസ്തുവിന്റെ ചിത്രം കൈകളിൽ ഏന്തുന്നവനായിട്ടാണ്. ഈ ഇടവകയിലെ എല്ലാ ഇടവക ജനവും യൂദാശ്ലീഹായെ പോലെ എന്നെയും ഹൃദയത്തിൽ സ്വീകരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. ഞാൻ ഇവിടെ ആയിരുന്നപ്പോഴെല്ലാം യൂദാശ്ലീഹാക്ക് ക്രിസ്തുവിനോടുണ്ടായിരുന്ന സ്നേഹം എനിക്ക് ഈ ഇടവക സമൂഹത്തിലൂടെ അനുഭവിക്കാൻ സാധിച്ചു. അതുകൊണ്ട് ക്രിസ്തുവിനോട് കൂടുതൽ അടുത്ത് ജീവിക്കാനും എനിക്കുള്ള പ്രേരണ ഈ ഇടവകയും ഇടവക ജനവും ആയിരുന്നു.

ഈ ഇടവക ക്രിസ്തുവിന്റെ സ്നേഹം വളർത്തിയെടുക്കാൻ സാധിച്ച ഒരു ഇടമാണ്. പരസ്പര സഹകരണത്തിലൂടെ വളരുന്ന ഈ സമൂഹത്തിനു കുറച്ചു കൂടി ഉത്തരവാദിത്വം വന്നിരിക്കുന്നതിൽ സന്തോഷിക്കുന്നു. ഓരോ അവസരത്തിലും അതിരുകൾ മറന്ന് നമ്മൾ കാണിച്ച എല്ലാ നല്ല പ്രവർത്തികളും പരസ്പര സ്നേഹവും കർത്താവ് കണ്ടിരുന്നു.ആ ഒരു കാരണം കൊണ്ടാണ് നമ്മുടെ ഇടവക ഇന്ന് തീർത്ഥാടന കേന്ദ്രം ആയി മാറിയിരിക്കുന്നത്.

മരിക്കാത്ത സ്നേഹം ഇനിയും ഹൃദയത്തിൽ കൊണ്ടുനടക്കുകയും അതു മറ്റുള്ളവരുമായി പങ്കിടുവാൻ എല്ലാവർക്കും സാധിക്കട്ടെ എന്നും ഞാൻ ആശംസിക്കുന്നു. എനിക്ക് നിങ്ങൾ നൽകിയ സ്നേഹത്തിനും കരുതലിനും ഒരുപാടു ഒരുപാടു നന്ദി. ക്രിസ്തു ഒരുപാടു അത്ഭുതങ്ങൾ യൂദാശ്ലീഹായിലൂടെയും ഈ ഇടവകയിലൂടെയും ഇവിടുത്തെ ഇടവക ജനത്തിലൂടെയും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു......

നിങ്ങളുടെ സ്വന്തം വികാരിയച്ചൻ
ഫാ. ജോമി മേക്കുന്നേൽ സി.എം.ഐ



നമ്മുടെ ഇടവക തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കപ്പെടുന്ന ഈ നിമിഷങ്ങളിൽ നമുക്ക് ദൈവത്തിന് നന്ദി പറയാം. ഒരുപാട് അനുഗ്രഹങ്ങൾ അസാധ്യ കാര്യങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ യൂദാശ്ലീഹായുടെ മധ്യസ്ഥം വഴി ദൈവം നമുക്ക് തരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. നമ്മൾ ഈ ഭൂമിയിൽ തീർത്ഥാടനം ചെയ്യുന്നവരാണ്. ഈ തീർത്ഥാടന വീഥിയിൽ നമുക്ക് കരുത്തായിട്ട് ആത്മീയ ഉണർവായിട്ട് ഈ ദേവാലയം നിലനിൽക്കുമ്പോൾ ആ ദേവാലയം നമ്മുടെ ജീവിതങ്ങളെ, നമ്മുടെ കുടുംബങ്ങളെ  വിശുദ്ധീകരിക്കുന്ന ഒരു ഇടമായി മാറട്ടെ. നമുക്ക് പരസ്പരം പ്രാർത്ഥിക്കാം. ഈ ഇടവകയ്ക്ക് വേണ്ടി അധ്വാനിച്ച ഒത്തിരി ആളുകളുണ്ട്. ഈ ദേവാലയം നിർമ്മിതിക്ക് വേണ്ടി... വളർച്ചയ്ക്ക് വേണ്ടി സഹായിച്ച  ഒത്തിരി ആളുകളുണ്ട്. അവരെ ഈ നിമിഷം നന്ദിയോടെ ഓർത്ത് അവർക്ക് വേണ്ടി പ്രാർത്ഥിക്കാം. അങ്ങനെ നമ്മുടെ കൂട്ടായ്മ ശക്തിപ്പെടട്ടെ. നമ്മുടെ സ്നേഹം അനുദിനം വളരട്ടെ. ഉത്ഥിതനായ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

**സ്നേഹപൂർവ്വം സനീഷ് അച്ചൻ**

# ദൈവത്തിന് നന്ദി

# സാക്ഷ്യങ്ങൾ /TESTIMONIES

## ബിനു പരാരത്



2020 സെപ്റ്റംബർ മാസത്തിൽ ഒരു ചെസ്റ്റ് പെയിൻ കാരണം ഞാൻ രാത്രി ആശുപത്രിയിൽ പോകേണ്ടി വന്നു. ഹാർട്ട് റേറ്റ് കുറവാണെന്ന് പറഞ്ഞ് അഡ്മിറ്റ് ചെയ്തു. കോംപ്ലിക്കേഷൻസ് ഉണ്ടാവാൻ സാധ്യതയുണ്ട് എന്ന് പറയുകയും ചെയ്തു. എൻറെ ഭാര്യ നീതു മനസ്സുരുകി പ്രാർത്ഥിക്കുകയും മക്കളോടൊപ്പം വിശുദ്ധ യൂദാശ്ലീഹായുടെ നോവേന ചൊല്ലുകയും ചെയ്തു. ദൈവാനുഗ്രഹത്താൽ എല്ലാ ടെസ്റ്റുകളും നോർമൽ ആവുകയും ഒബ്സർവേഷനു ശേഷം പറഞ്ഞയയ്ക്കുകയും ചെയ്തു. ദൈവത്തിനു സ്തുതി.

2021 ഡിസംബർ മാസം എന്റെ ഭാര്യ നീതുവിന് മൈഗ്രെൻ ശക്തമാവുകയും ഒരു ന്യൂറോളജിസ്റ്റിനെ കാണിക്കുകയും ചെയ്തു. ഒരു ബ്രെയിൻ എംആർഐ വേണം എന്നു പറഞ്ഞു. ആദ്യത്തെ എംആർഐ കണ്ടപ്പോൾ pituitary gland ൽ ചെറിയ ഡിഫോർമേഷൻ ഉണ്ട് എന്ന് പറയുകയും ഒരു ഡീറ്റെയിൽഡ് എംആർഐ വേണം എന്നു പറയുകയും ചെയ്തു. നീതുവിന്റെ കൂടെ ഉണ്ടായിരുന്ന ചേച്ചി പറഞ്ഞു - ഇത് നിസ്സാരമാണെന്നു കരുതി തള്ളിക്കളത്. ട്രീറ്റ്മെന്റ് വേണ്ടിവരും എന്ന്. വളരെയധികം ഉത്കണ്ഠയോടെ എന്നാൽ പ്രത്യാശയോടും കൂടി ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥിക്കുകയും യൂദാശ്ലീഹായുടെ നൊവേന ചൊല്ലുകയും ചെയ്തു. ഡീറ്റെയിൽഡ് എംആർഐ റിസൽട്ട് കണ്ട ശേഷം ഡോക്ടർ പറഞ്ഞു പേടിക്കാനുള്ള യാതൊന്നുമില്ല എന്ന്. ദൈവത്തിനു നന്ദി. പിന്നീടുള്ള ദിവസങ്ങളിൽ 2 ഒറ്റമൂലി ചികിത്സകൾ തേടുകയും കൂടെ കൂടെ ഉണ്ടായിരുന്നു മൈഗ്രെൻ ഇപ്പോൾ വല്ലപ്പോഴും മാത്രം ഉണ്ടാകുന്ന തരത്തിൽ കുറയുവാനും ഇടയായി.

## ജിജു തോമസ്



എന്റെ പേര് ജിജു തോമസ് ഞാൻ സെന്റ് ജൂഡ് ഇടവകാംഗമാണ്. ഞങ്ങൾക്ക് ആദ്യം ഒരു മോൾ ജനിച്ച് രണ്ടു വർഷത്തിനുശേഷം ഒരു കുഞ്ഞുകൂടി വേണമെന്ന് ഞങ്ങൾ ആഗ്രഹിച്ചിരുന്നു. രണ്ടാമതും പ്രഗനന്റ് ആയി എന്നാൽ ഒന്നര മാസത്തിനുശേഷം അബോർഷനായി. അത് ഞങ്ങൾക്ക് വളരെ ഏറെ വിഷമമുണ്ടാക്കി. ഞങ്ങൾ നിരന്തരം ചാപ്പലിൽ പോയി. പ്രാർത്ഥിക്കുമായിരുന്നു.

വിശുദ്ധ യൂദാശ്ലീഹായ്ക്ക് നിയോഗം വെച്ച് പ്രാർത്ഥിച്ചിരുന്നു. ഞങ്ങൾക്ക് ഒരു ആൺകുഞ്ഞ് ജനിക്കുകയാണെങ്കിൽ അവന് വിശുദ്ധന്റെ പേര് നൽകാമെന്ന് 2020 മാർച്ച് 16 ഞങ്ങൾക്ക് ആരോഗ്യമുള്ള ഒരു ആൺകുഞ്ഞിനെ നൽകി ഈശോ ഞങ്ങളെ അനുഗ്രഹിച്ചു.

ഈശോയോട് ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിച്ച വി. യൂദാശ്ലീഹായോടുള്ള ഞങ്ങളുടെ കൃതജ്ഞതാർത്ഥം മോന് ഞങ്ങൾ സാൻജൂഡ് എന്ന് പേരു നൽകി. ഞങ്ങൾക്ക് ഒരു ആൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ച ഈശോക്കും മാദ്ധ്യസ്ഥം യാചിച്ച വി. യൂദാശ്ലീഹായ്ക്കും ഒരായിരം നന്ദി. ഈ അവസരത്തിൽ ഞങ്ങൾ അർപ്പിക്കുന്നു.

യേശുവേ നന്ദി, യേശുവേ സ്തുതി

സ്നേഹപൂർവ്വം

ജിജു തോമസ്

ഇന്ദിരാഗാന്ധി സ്ട്രീറ്റ് സെക്കന്റ് മെയിൻ ഹൗസ് നമ്പർ 51, ഉദയനഗർ, ബാംഗ്ലൂർ.

## റാണി എസ് ജോർജ്ജ്



ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ!

എന്റെ പേര് റാണി എസ് ജോർജ് .ഞാൻ സെന്റെ ഇടവകയിലെ സെൻറ് ഫ്രാൻസിസ് അസീസി വാർഡിലെ അംഗമാണ്. 2023 നവംബറിൽ എൻറെ പപ്പയുടെ (father-in-law) രണ്ടു പവൻ സ്വർണ്ണമാല നഷ്ടപ്പെട്ടു. വീട്ടിൽ എല്ലായിടത്തും പരിശോധിച്ചുവെങ്കിലും കണ്ടെത്താൻ ആകാതെ വന്നപ്പോൾ വിശുദ്ധ യൂദാശ്ലീഹായുടെ വലിയ മാധ്യസ്ഥം തേടി ഞാൻ പ്രാർത്ഥിച്ചു. വികാരിയച്ചനോടും ഒപ്പം എനിക്ക് പരിചയമുള്ള എല്ലാ വൈദികരോടും സിസ്റ്റേഴ്സിനോടും ഫ്രണ്ട്സിനോടും പ്രാർത്ഥനാ സഹായം അപേക്ഷിച്ചു. ജനുവരി 21ന്, sister-in-law യുടെ കൂടെ അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ അലമാരയുടെ അടിയിലെ ഷൂവിൽ നിന്നും മുൻവശത്ത് നിന്ന് പുറകിലേക്ക് മാല അത്ഭുതകരമായിഊർന്നു വീണു. ഏവരുടെയും പ്രാർത്ഥനയ്ക്ക് നന്ദി.

2010ൽ ഞാൻ ഞാൻ ടീച്ചറായി ജോലി ചെയ്യുന്ന സമയം. ചെയ്യാത്ത ഒരു തെറ്റ് എന്റെ മേൽ ചുമത്തപ്പെട്ടതിൽ വളരെയേറെ ഞാൻ ദുഃഖിച്ചു .10 വർഷമായി ജോലി ചെയ്തിരുന്ന സ്കൂൾ ആണെങ്കിലും പിന്നീട് അവിടെ ജോലി ചെയ്യുന്നതിന് മാനസികമായി വളരെ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. അതിനാൽ സ്വമേധയാ ഞാൻ അവിടെ നിന്നും ഇറങ്ങി പോരുകയും ചെയ്തു. പിന്നീട് സെൻറ് ജൂഡിൽ കാറ്റിക്കിസം പഠിപ്പിച്ചു കൊണ്ടിരുന്നു.

ആ സമയത്ത് എന്റെ ക്ലാസിലെ കുഞ്ഞുങ്ങളും എനിക്ക് ജോലി ലഭിക്കുന്നതിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അന്നത്തെ വികാരിയച്ചന്റെ ഉപദേശപ്രകാരം യൂദാശ്ലീഹായുടെ പള്ളി വെഞ്ചിരിപ്പിനായി ഞാൻ ഉപവാസം എടുത്ത് പ്രാർത്ഥിക്കാൻ തുടങ്ങി എല്ലാ ബ്രദേഴ്സും സിസ്റ്റേഴ്സും എനിക്ക് വേണ്ടി പ്രാർത്ഥിച്ചിരുന്നു അതിൻറെ ഫലമായി 2011 ജനുവരി 19ന് എനിക്ക് ഒരു സ്കൂളിൽ ജോലി ലഭിച്ചു അതും വളരെ പ്രത്യേകമായി എംഡി ആദ്യമായി ഡെമോ പോലും ചെയ്യിക്കാതെ ഒരു ടീച്ചറിനെ അപ്പോയിന്റ് ചെയ്യുന്നു. വി. യുദാസ്ലീഹ വഴി പിതാവായ ദൈവം ഞങ്ങളിലേക്ക് ചൊരിഞ്ഞ് എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയുന്നു.

## മെർലിൻ ഡേവിഡ്



എന്റെ പേര് മെർലിൻ ഡേവിഡ്.എന്റെ മരുമകൾക്ക് വേണ്ടിയാണ് ഞാനീ സാക്ഷ്യം എഴുതുന്നത്. എന്റെ മരുമകൾ അയർലണ്ടിൽ നേഴ്സ് ആയി ജോലിക്ക് പോയി. അവിടെ അവർക്ക് ഒരു ഭവനം ലഭിക്കുന്നതിനും, മകനെയും കുഞ്ഞിനെയും കൊണ്ടുപോകുവാൻ വേണ്ടി പ്രാർത്ഥിക്കണമെന്ന് അവൾ വിളിച്ചു പറഞ്ഞു. അപ്പോൾ ഞാൻ യൂദാശ്ലീഹായോടും പരിശുദ്ധ അമ്മയോടും കുടുംബ പ്രാർത്ഥനയിലും കുർബാനയിലും സമർപ്പിക്കുകയും നൊവേന ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുന്നതിന്റെ ഫലമായി ഹോസ്പിറ്റലിന്റെ അടുത്ത് തന്നെ വീട് ലഭിക്കുകയും വീടിന്റെ മുന്നിൽ തന്നെ സ്കൂൾ ലഭിക്കുകയും ചെയ്തു. മകനെയും കുഞ്ഞിനെയും അയർലണ്ടിലേക്ക് കൊണ്ടുപോവുകയും ചെയ്തു. യൂദാശ്ലീഹായും പരിശുദ്ധ അമ്മയും ഈശോയോട് പ്രാർത്ഥിച്ച് നേടിത്തന്ന ഈ അനുഗ്രഹത്തിന് ഒരായിരം നന്ദി.

## ബിൽസി ഡേവിസ്



"കർത്താവിന് കൃതഞ്ജത അർപ്പിക്കുവിൻ, അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുവിൻ, അവിടുത്തെ പ്രവൃത്തികൾ ജനതകളുട ഇടയിൽ ഉദ്ഘോഷിക്കുവിൻ" (സങ്കീ 105:1)

എന്റെ പേര് ബിൽസി ആദ്യമേ തന്നെ യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥത്താൽ എന്റെ എല്ലാ അസാദ്ധ്യകാര്യങ്ങളെയും സാധ്യമാക്കി തീർത്ത ദൈവത്തിന് നന്ദി പറയുന്നു. യൂദാശ്ലീഹാ മാദ്ധ്യസ്ഥനായ ഈ ഇടവകയിൽ തന്നെ വീട് വേണമെന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഈ ഇടവകയിൽ തന്നെ ഭവനം തന്ന ദൈവം അനുഗ്രഹിച്ചു.

എന്റെ സഹോദരന്റെ മകൻ സാമുവൽ എയർ ഫോഴ്സിൽ ജോലി ലഭിക്കാനുള്ള മെഡിക്കൽ ഫിറ്റ്നെസ്സ് ചെക്കപ്പായി ബാംഗ്ലൂരിൽ വരുകയും ചിക്കൻപോക്സ് പിടിപെട്ടതിനാൽ മെഡിക്കൽ ചെക്കപ്പ് കംപ്ലീറ്റ് ചെയ്യാൻ സാധിച്ചില്ല. കിട്ടിയ ജോലി നഷ്ടപ്പെടും എന്ന അവസ്ഥയിൽ യൂദാശ്ലീഹായോട് മാദ്ധ്യസ്ഥം അപേക്ഷിച്ച് 3 ആഴ്ച നൊവേന നടത്തി. 10 ദിവസത്തിനു ശേഷം അവർ തന്നെ ഇങ്ങോട്ട് വിളിച്ച് മെഡിക്കൽ ചെക്കപ്പിന് വരാൻ പറയുകയും അതിൽ പാസായി. ഇപ്പോൾ എയർ ഫോഴ്സിൽ ജോലി ചെയ്യുകയാണ്. യൂദാശ്ലീഹായോടുള്ള മാദ്ധ്യസ്ഥം കൊണ്ടാണ് അവന് ആ ജോലി ലഭിച്ചത്.

നാട്ടിൽ ഞങ്ങൾക്ക് ഒരു ഭവനം വേണമെന്ന് ആഗ്രഹിച്ചിരുന്നു. പലവിധ തടസ്സങ്ങൾ നേരിട്ടിരുന്നു. ഒരിക്കൽ എന്റെ സഹോദരനോട് ഇതിനെക്കുറിച്ച് സംസാരിച്ചപ്പോൾ നീ സാക്ഷ്യം പറയണംഎന്ന് പറഞ്ഞു. നാട്ടിൽ ഞങ്ങൾക്ക് ഭവനം ലഭിക്കുകയാണെങ്കിൽ സാക്ഷ്യം പറയാമെന്ന് നേർന്നു. തത്ഫലമായി വളരെ പെട്ടെന്ന് തന്നെ ഞങ്ങൾക്ക് ഭവനം തന്ന് ദൈവം അനുഗ്രഹിച്ചു. യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥത്താൽ ആണ് ഞങ്ങൾക്ക് ആ ഭവനം ലഭിച്ചത്.

എന്റെ മക്കളുടെ പരീക്ഷ സമയത്ത് യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാറുണ്ടായിരുന്നു. അവർക്കും നല്ല വിജയം നൽകി ദൈവം അനുഗ്രഹിച്ചു.

നന്ദിയോടെ

ബിൽസി ഡേവിസ്

## ഡോ. ബീനു കുര്യൻ



എനിക്കു വളരെ പ്രിയപ്പെട്ട ഒരു ആന്റിയാണ് കുഞ്ഞുനാളിൽ വി. യൂദാശ്ലീഹായെ എനിക്കു പരിചയപ്പെടുത്തിതന്നത്. നോർത്ത് ഇന്ത്യയിൽ താമസിക്കുന്ന എന്റെ ആന്റി യൂദാശ്ലീഹായുടെ വലിയ ഒരു ഭക്തയാണ്. വർഷങ്ങൾക്കു ശേഷം ഞാൻ ബാംഗ്ലൂരിൽ വന്നപ്പോൾ ഉദയനഗറിലെ സെന്റ് ജൂഡ് ന്റെ നാമധേയത്തിലുള്ള ഇവിടുത്തെ പള്ളിയിൽ ഇടവക ചേരാൻ എനിക്ക് ദൈവാനുഗ്രഹം ലഭിച്ചു. ഇവിടെ വി. യൂദാശ്ലീഹാ വഴിയായി പ്രാർത്ഥിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും കർത്താവ് എനിക്ക് നൽകിയിട്ടുണ്ട്. വി. യൂദാശ്ലീഹായെ എന്റെ ജീവിതത്തിന്റെ ഭാഗമാകുവാൻ കാരണമായ എന്റെ പ്രിയപ്പെട്ട ആന്റിക്കുഈ അടുത്ത കാലത്ത് ഗുരുതരമായ ഒരു രോഗം പിടിപെട്ടു. അതിസങ്കീർണ്ണമായ ഒരു ശസ്ത്രക്രിയയ്ക്കു മുമ്പ്, ഞാനിവിടെ വന്ന് എന്റെ ആന്റിക്കു വേണ്ടി, വി. യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥം യാചിച്ചു. ആ ശസ്ത്രക്രിയ വിജയകരമാവുകയും, അധികം താമസിയാതെ തന്നെ എന്റെ ആന്റി ആരോഗ്യത്തോടെ ജീവിതത്തിലേക്കു തിരിച്ചെത്തുകയും ചെയ്തു. വി. യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥം വഴിയായി ലഭിച്ച വലിയ ദൈവകൃപയ്ക്കു നന്ദി.

## സി.കെ. യോഹന്നാൻ



"ഞാൻ നിനക്ക് വീണ്ടും ആരോഗ്യം നൽകും; നിന്റെ മുറിവുകൾ സുഖപ്പെടുത്തും" (ജറെമിയ 30/17)

സി.കെ. യോഹന്നാൻ

ചക്കിയത്ത് ഹൗസ്

ഞങ്ങളുടെ മകൻ ജയിന് 2022 നവംബർ 13 ന് ശക്തമായ വയറുവേദനയും ഛർദ്ദിയും ഉണ്ടായി. അടുത്തുള്ള ഹോസ്പിറ്റലിൽ കൊണ്ടുപോയെങ്കിലും കുറയാത്തതുകൊണ്ട് സെന്റ് ജോൺസ് മെഡിക്കൽ കോളേജിലേക്ക് മാറ്റി. അവിടെ വച്ച് bowel intussusception ആണെന്ന് ഐഡന്റിഫൈ ചെയ്തു. പെട്ടെന്ന് തന്നെ സർജറി വേണമെന്ന് പറഞ്ഞു. നവംബർ 14-ാം തീയതി ആദ്യത്തെ സർജറി ചെയ്തു. ലീക്കേജ് മൂലം 21-ാം തീയതി സെക്കന്റ് സർജറി ചെയ്തു. ileostomy bag വെക്കേണ്ടി വന്നു. ലങ്സിൽ വെള്ളം കെട്ടിയതുമൂലം ബ്രീതിംഗ് ബുദ്ധിമുട്ടും, സ്റ്റോമാക്കിൽ ഫ്ളൂയിഡ് കളക്ഷൻ മൂലം വിട്ടുപാറാത്ത പനി, അവൻ മാനസികമായും ശാരീരികമായും ഏറെ തളർന്നു. ആൽബുമിൻ വളരെ കുറഞ്ഞ് സർജിക്കൽ വൗണ്ട് ഉണങ്ങിയില്ല. ഡിസംബർ 7-ാം തീയതി അവനെ ആസ്റ്റർ മെഡിസിറ്റിയിലേക്ക് മാറ്റി. അവിടെയും ഹെൽത്ത് ഇംപ്രൂവ്ആയില്ല. യൂറിനറി ഇൻഫക്ഷൻ മൂലം വീണ്ടും ഐസിയുവിലേക്ക് മാറ്റി. ഭക്ഷണം തീരെ കഴിക്കാതെ വന്നു.

ഈ സമയങ്ങളിലെല്ലാം ജോമിയച്ചന് മെസേജ് അയച്ച് പ്രാർത്ഥനാ സഹായം ചോദിച്ചിരുന്നു. അച്ചനും, ഇടവകയിലെ എല്ലാവരും അവനു വേണ്ടി പ്രാർത്ഥിച്ചു. ഈ ലോകത്തിൽ വിവിധ ഭാഗങ്ങളിലിരുന്ന് അവന് വേണ്ടി പ്രാർത്ഥിച്ചു.

എല്ലാവരേയും പ്രത്യേകിച്ച് ധ്യാനകേന്ദ്രങ്ങളെയും, പ്രെയർ ടീംസിനേയും നന്ദിപൂർവ്വം സ്മരിക്കുന്നു. ജനുവരി 26 ന് മോന്റെ മൂന്നാമത്തെ സർജറി നടത്തി. ileostomy bag എടുത്തുമാറ്റി. അവൻ സുഖമായിരിക്കുന്നു.

അവനെ ജീവിതത്തിലേക്ക്തിരിച്ചു നടത്താൻ അനുഗ്രഹിച്ച യൂദാശ്ലീഹായോടും, പരിശുദ്ധ അമ്മയോടും, സകല വിശുദ്ധരോടും എല്ലാറ്റിലുമുപരി ദിവ്യകാരുണ്യ ഈശോയ്ക്കും കോടാനുകോടി നന്ദി. ...നന്ദി

C. K. YOHANNAN

## ഷാരോൺ മരിയ



Work place -Adelaide South Australia

എന്റെ മകൾ ഷാരൺ ഓസ്ട്രേലിയയിൽ MSW കംപ്ലീറ്റ് ചെയ്തു. തുടർന്ന് ഒരു ജോലി ശരിയായിരുന്നെങ്കിലും സ്റ്റുഡന്റ് വിസ ആയിരുന്നത് കാരണം ജോലിക്ക് കയറാൻ സാധിച്ചില്ല. പിന്നീട് ഇതുപോലെ ജോലി കിട്ടിയെങ്കിലും, അപ്പോയിന്റ്മെന്റ് ലെറ്റർ കിട്ടാഞ്ഞതുകൊണ്ട് മകൾ ആകെ വിഷമത്തിലായി. ഞാൻ പ്രത്യേകം യൂദാശ്ലീഹായുടെ മാധ്യസ്ഥം യാചിച്ചു പ്രാർത്ഥിച്ചു മകളോടും അതുപോലെ തന്നെ ചെയ്യാൻ പറഞ്ഞു. ഈ കഴിഞ്ഞ പെസഹാ വ്യാഴത്തിന് (മാർച്ച് 28, 2024) മുൻപായി ജോലി ലഭിക്കണമെന്ന് പ്രത്യേകം പ്രാർത്ഥിച്ചിരുന്നു. മാർച്ച് 27 - ന് രാവിലെ അപ്പോയിൻമെന്റ് ലെറ്റർ കിട്ടി. യൂദാശ്ലീഹാ ചെയ്ത തന്ന വലിയ അനുഗ്രഹത്തിന് നൂറായിരം നന്ദി. ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ. നന്ദി ദൈവമേ.

## വത്സ ആന്റോ



എന്റെ പേര് വത്സ ആന്റോ എന്റെ ഭർത്താവിന് 13 വർഷങ്ങൾക്കുമുമ്പ് ഒരു റോഡപകടമുണ്ടായി. കൂടെയുണ്ടായിരുന്ന എന്റെ ഭർത്താവിന്റെ സഹപ്രവർത്തകർ അദ്ദേഹത്തെ സെന്റ് ജോൺസ് ഹോസ്പിറ്റലിൽ ആക്കി. അദ്ദേഹത്തിന്റെ അവസ്ഥ ഗുരുതരമായിരുന്നു. താടിയെല്ലും വലത്തു കാലിന്റെ എല്ലും ഒടിഞ്ഞു. അവിടുത്തെ ഐസിയുവിൽ ബെഡ് ഇല്ലായിരുന്നു. ഞാനും എന്റെ മകനും വിവരമറിഞ്ഞ് ആശുപത്രിയിലെത്തിയപ്പോൾ പുതപ്പുകൊണ്ട് മറിച്ച് രക്തത്തിൽ കുളിച്ചു കിടക്കുന്ന ഒരു ശരീരമാണ് കണ്ടത്. ഐസിയുവിൽ ബഡ് ഒഴിവില്ലാത്തതുകൊണ്ട് വേറെ ആശുപത്രിയിലേക്ക് മാറ്റണം. ഭർത്താവിന്റെ ഗുരുതരാവസ്ഥ തരണം ചെയ്തു കിട്ടാൻ വേണ്ടി നമ്മുടെസെന്റ് ജൂഡ് പള്ളിയിൽ പ്രാർത്ഥനാസഹായം അപേക്ഷിച്ചിരുന്നു. അന്ന് യൂദാശ്ലീഹായുടെ നൊവേനയുള്ള ശനിയാഴ്ചയായിരുന്നു. എന്റെ ആ സമയത്തെ മാനസികാവസ്ഥയിൽ ഞാൻ അവിടെ കണ്ട ഒരു തൂണിൽ കെട്ടിപിടിച്ചു യേശുവെ എന്റെ സഹായത്തിനു നീ ഇറങ്ങിവരണമെ" എന്നു പറഞ്ഞു കരഞ്ഞു പ്രാർത്ഥിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ആരോ പറഞ്ഞു. പുതിയ ഒരു ആശുപത്രി "ശ്രീ വെങ്കിടേശ്വര" അവിടെ ഐ സി യു ഉള്ള ബെഡ് ഉണ്ട് "ദൈവം മനുഷ്യരൂപത്തിൽ അവതരിച്ചപോലെ" ആ ആശുപത്രിയിലേക്കുള്ള ആംബുലൻസും ഡ്രൈവറും അവിടെയെത്തി. ആ ആശുപത്രിയിലെ ഐസിയുവിൽ കിടത്തി. ആളുടെ ഓർമ്മ പോയിയും വന്നും കൊണ്ടിരിക്കയാണ്. 48 മണിക്കൂർ കഴിഞ്ഞാണ് എന്തെങ്കിലും പറയാൻ പറ്റു. ആ 48 മണിക്കൂറിനുള്ളിൽ ആ ഐസിയുവിൽ 7 ആളുകൾ കിടന്നിരുന്നു. എന്റെ ഭർത്താവ് ഒഴികെ ബാക്കി എല്ലാവരും മരിച്ച രീതിയിൽ പുറത്തേക്ക് കൊണ്ടുപോയി. ഞങ്ങൾ യൂദാശ്ലീഹായുടെ സഹായം അപേക്ഷിച്ചു. പ്രാർത്ഥിച്ചു. അങ്ങനെ 48 മണിക്കൂറിനുശേഷം താടിയെല്ലിന്റെയും കാലിന്റെയും സർജറി നടന്നു. പല്ലുകൾ ക്ലിപ്പ് ഇട്ടിരുന്നതു കൊണ്ട് ഭക്ഷണം കഴിക്കാൻ കഷ്ടമായിരുന്നു. അങ്ങനെ 15 ദിവസം വെള്ള രൂപത്തിൽ ഭക്ഷണം കൊടുത്തു. 15 ദിവസത്തിനു ശേഷം ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് പോയി. അങ്ങനെ ഒരു മാസത്തിനു ശേഷം ഭർത്താവിനു ഭക്ഷണം സാധാരണ രീതിയിൽ കഴിക്കാനും മറ്റുള്ളവരുടെ ആശ്രയമില്ലാതെ നടക്കാനുംസാധിച്ചു. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥത്തിന് നന്ദി.

## മേരി ജോസ്



നാട്ടിൽ നിന്നും ഒരാവശ്യത്തിനു വേണ്ടി ബാംഗ്ലൂരിൽ വന്നപ്പോഴാണ്, ഞാൻ ഉദയഗർ സെന്റ് ജൂഡ് പള്ളിയിൽ വന്നത്. എനിക്ക് വളരെ വേണ്ടപ്പെട്ട ഒരു കുടുംബത്തിലെ മകനു ജോലി ലഭിക്കുവാൻ വേണ്ടി ഞാൻ ഇവിടെ വന്ന് നേർച്ച് നേർന്ന്, സെന്റ് ജൂഡിന്റെ നൊവേന ചൊല്ലി പ്രാർത്ഥിക്കുകയുണ്ടായി. അധികം വൈകാതെ തന്നെ ആ മകന് നല്ലൊരു ജോലി ലഭിച്ചു. മാത്രവുമല്ല, ആ കുടുംബത്തിന് ഉണ്ടായിരുന്ന മറ്റു പല പ്രയാസങ്ങളും കർത്താവ് നീക്കി കൊടുത്തു. വി. യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥതയാൽ ലഭിച്ച ഈ ദൈവകൃപയ്ക്കു നന്ദി.

## ജോസഫ് സ്കറിയ



എന്റെ പേര് ജോസഫ് സ്കറിയ. ഞങ്ങൾ ബാംഗ്ലൂരിൽ വന്ന് സ്വന്തമായി ഒരു വീട് വാങ്ങുന്നതിന് അന്വേഷിച്ചപ്പോൾ ലോൺ കിട്ടാതെ വളരെ വിഷമിച്ചു. വി. യൂദാശ്ലീഹായുടെ വലിയ മാധ്യസ്ഥം വഴി ലോൺ ലഭിക്കുന്നതിനുള്ള തടസ്സങ്ങളെല്ലാം മാറുകയും മനോഹരമായ ഒരു ഭവനം സ്വന്തമായി നൽകി ദൈവം ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു. വിശുദ്ധ യൂദാശ്ലീഹാ വഴി ഈശോയ്ക്ക് ഒരായിരം നന്ദി.

## പിൻസി മെജോ



2022 ഏപ്രിൽ മാസത്തിൽ എന്റെ ഭർത്താവ് നാട്ടിൽ നിന്നും ബാംഗ്ലൂരിലേക്ക് വെളുപ്പിനെ 3.30ന് കെ ആർ പുരത്ത് എത്തിച്ചേരുന്ന ട്രെയിനിൽ വരികയായിരുന്നു. നാട്ടിൽ നിന്നും ഒത്തിരി സാധനങ്ങൾ കൊണ്ടുവന്നിരുന്നതിനാൽ കെ ആർ പുരത്ത് ഇറങ്ങുന്ന ധൃതിയിൽ ലാപ്ടോപ് ബാഗ് എടുക്കുവാൻ മറന്നു. Phoenix mall എത്തിയപ്പോഴാണ് ലാപ്ടോപ്പ് ബാഗിന്റെ കാര്യം ഓർമ്മ വന്നത്. വീട്ടിൽ വന്ന് കാറെടുത്തു പോകണമോ വന്ന ഓട്ടോയിൽ തിരിച്ചു അടുത്ത സ്റ്റേഷനായ യശ്വന്ത്പുരയിലേക്ക് പോകണോ എന്ന് ശങ്കിച്ചു നിൽക്കുമ്പോൾ ദൈവദൂതനെ പോലെ വന്ന ആ ഓട്ടോ ഡ്രൈവർ ട്രെയിൻ അവിടെ എത്തുന്നതിനു മുൻപ് എത്തിക്കാമെന്ന് ഏറ്റു. ട്രെയിൻ നിർത്തുന്നതിന് മുൻപ് ചാടി കയറുവാനും അദ്ദേഹത്തോട് നിർദ്ദേശിച്ചു. ഇതിനിടയിൽ ബാഗ് മറന്ന കാര്യം എന്നോട് വിളിച്ചു പറഞ്ഞപ്പോൾ പെട്ടെന്ന് ഞാൻ ആശങ്കപ്പെട്ടെങ്കിലും യൂദാശ്ലീഹായുടെ നൊവേനയിലെ 'ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന്' എന്ന് തുടങ്ങുന്ന വരികൾ ആരോ ചെവികളിൽ വന്നു പറയുന്നതുപോലെ അനുഭവപ്പെട്ടു. അപ്പോൾ തന്നെ യൂദാശ്ലീഹായുടെ പ്രത്യേക മാധ്യസ്ഥം യാചിച്ചുകൊണ്ട് ബാഗ് കിട്ടുന്നതുവരെ നൊവേന ചൊല്ലി കൊണ്ടിരുന്നു. ഇതേസമയം അദ്ദേഹവും ട്രെയിനും യശ്വന്ത്പുരയിൽ ഏകദേശം ഒരേ സമയത്ത് എത്തിച്ചേരുകയും ട്രെയിൻ നിർത്തുന്നതിനു മുൻപ് അദ്ദേഹം ചാടി കയറുകയും ചെയ്തു. ദൈവത്തിൻറെ വലിയ കൃപയാലും യൂദാശ്ലീഹായുടെ മാധ്യസ്ഥ ശക്തിയാലും മറ്റു യാത്രക്കാർ അതിൽ ഉണ്ടായിരുന്നുവെങ്കിലും ആരുടെയും ശ്രദ്ധയിൽപ്പെടാതെ ബാഗ് സുരക്ഷിതമായി വച്ചിരുന്നിടത്തു തന്നെ ഇരിപ്പുണ്ടായിരുന്നു. ഓഫീസ് ലാപ്ടോപ്പും വിലയേറിയ സർട്ടിഫിക്കറ്റുകളും ഒന്നും നഷ്ടപ്പെടാതെ തിരിച്ചുനൽകിയ ദൈവത്തിന് യൂദാശ്ലീഹ വഴി ഒരായിരം നന്ദി പറയുന്നു.

## മോളി



എന്റെ പേര് മോളി. പത്തു മാസം മുൻപ് എന്റെ വലത്തെ ബ്രസ്റ്റിൽ ഒരു തടിപ്പ് കാണപ്പെട്ടു. സെൻറ് ഫിലോമിനാസ് ഹോസ്പിറ്റലിൽ കാണിച്ചപ്പോൾ അതൊരു cyst ആണെന്നും സർജറി ചെയ്ത് എടുത്തു മാറ്റണമെന്നും നിർദ്ദേശിച്ചതിന് പ്രകാരം 2023 നവംബർ 21ന് സർജറി ചെയ്തു. പക്ഷേ ക്യാൻസറിന്റെ ഒരു സംശയം ഡോക്ടർസിന് വന്നതിനാൽ വീണ്ടും ടെസ്റ്റ് ചെയ്യേണ്ടി വന്നു ഞാൻ യൂദാശ്ലീഹായുടെ പ്രത്യേക മാധ്യസ്ഥം യാചിച്ച് റിസൽട്ട് നെഗറ്റീവ് ആകണമെന്ന് പ്രാർത്ഥിച്ചു. തൽഫലമായി റിസൾട്ട് നെഗറ്റീവ് ആയിരുന്നു. ഇപ്പോൾ യാതൊരു കുഴപ്പവുമില്ല. യൂദാശ്ലീഹാ വഴി സൗഖ്യം നൽകിയ ഈശോയ്ക്ക് ഒരായിരം നന്ദി.

## ബ്രിജിറ്റ് ആന്റണി



യേശുവേ സ്തുതി, യേശുവേ സ്തോത്രം പരിശുദ്ധാത്മാവെ സ്തുതി, സ്തോത്രം എന്റെ പേര് ബ്രിജിറ്റ് ആന്റണി

ഞാൻ ഈ സാക്ഷ്യം എഴുതുന്നത് എന്റെ അനിയത്തിക്ക് വേണ്ടിയാണ്.

അനിയത്തിക്ക് കുറച്ചു വർഷങ്ങൾക്ക് മുൻപ് ഒരു കിഡ്നിക്ക് കുറച്ച് തകരാറ് കാരണം എടുത്തു കളഞ്ഞു. പിന്നീട് കുഴപ്പമൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ കുറച്ച് നാൾ മുന്നെ അവൾക്ക് ഒരു വയ്യായ്ക ആയി ഹോസ്പിറ്റലിൽ പോയി. ഡോക്ടറെ കണ്ടു. ഡോക്ടർ സ്കാൻ ചെയ്യാൻ പറഞ്ഞു. സ്കാൻ ചെയ്തു നോക്കിയപ്പോൾ കിഡ്നിയുടെ മുകളിൽ ഒരു തടിപ്പ് കണ്ടു. അതുപോലെ ലിവറിനും ഒരു തടിപ്പ് കണ്ടു. അനിയത്തിക്ക് ആകെ വിഷമമായി. അനിയത്തി എനിക്ക് ഫോൺ ചെയ്തു. വിവരം എല്ലാം പറഞ്ഞു. എന്നിട്ട് യൂദാശ്ലീഹായ്ക്ക് നോവേന ചേച്ചി എനിക്കു വേണ്ടി ചൊല്ലിക്കണമെന്ന് പറഞ്ഞു. ഞാൻ നൊവേന ചൊല്ലിച്ചു. അതിനുശേഷം അനിയത്തി ഡോക്ടർ പറഞ്ഞ തീയതിക്ക് സ്കാൻ ചെയ്യാൻ നോക്കിയപ്പോൾ കിഡ്നിയുടെ തടിപ്പും ലിവറിന്റെ തടിപ്പും കണ്ടില്ല. ഡോക്ടർ പറഞ്ഞു ഇപ്പോൾ ഒരു കുഴപ്പവുമില്ല. തടിപ്പ് ഒന്നും കാണുന്നില്ല. ഒരു കുഴപ്പവും ഇല്ല. നിങ്ങൾ സുഖമായിട്ടിരിക്കുന്നു. അങ്ങനെ യൂദാശ്ലീഹായുടെ അനുഗ്രഹത്താൽ എന്റെ അനിയത്തിയുടെ അസുഖം മാറി, ഇപ്പോൾ സുഖമായിട്ട് ഇരിക്കുന്നു.

യൂദാശ്ലീഹായ്ക്ക് ഒരായിരം നന്ദി

യേശുവെ സ്തുതി, സ്തോത്രം, മഹത്വം ആമേൻ.

## മിനി സിബി



അനുഭവസാക്ഷ്യം

എന്റെ പേര് മിനി സിബി. പത്തു വർഷം മുമ്പ് എന്റെ ബ്രെസ്റ്റിൽ ഒരു മുഴയുണ്ടാകുകയും ഡോക്ടർ സ്കാനിംഗിന് നിർദ്ദേശിക്കുകയും ചെയ്തു. അപ്പോൾ വിശുദ്ധ യൂദാശ്ലീഹായോട് പ്രാർത്ഥിച്ചതിന്റെ ഫലമായി മരുന്നുകൊണ്ട് തന്നെ ആ മുഴ മാറുകയും, സ്കാനിംഗ് വേണ്ടെന്ന് ഡോക്ടർ പറയുകയും ചെയ്തു.

കൂടാതെ എന്റെ കുടുംബത്തിന്റെ എല്ലാ ആവശ്യങ്ങളിലും അസാധ്യ കാര്യങ്ങളുടെ മാദ്ധ്യസ്ഥനായ വിശുദ്ധ യൂദാശ്ലീഹായുടെ സഹായം ലഭിക്കുന്നുണ്ട്.

എല്ലാ അനുഗ്രഹങ്ങൾക്കും യൂദാശ്ലീഹായ്ക്ക് നന്ദി പറയുന്നു.

## RIYA AJITH



I got some health issues a few years back that would have affected my planned Holy Communion. At that time, my parents gave an intention to St. Jude and prayed for me. By God's grace, before my holy communion itself, I was completely healed. I am grateful to St. Jude for this grace that I have received.

## ലിൻസി ഷിജോ



ഈശോ മിശിഹായ്ക്കു
സ്തുതിയായിരിക്കട്ടെ.

എന്റെ പേര് ലിൻസി ഷിജോ, ഞാനൊരു നഴ്സ് ആണ്. എനിക്ക് രണ്ട് മക്കൾ ഉണ്ട്. കുറച്ചുനാളായി ഞാനൊരു ജോലിക്കു വേണ്ടി ട്രൈ ചെയ്തിരുന്നു. മക്കൾ ചെറുതായതു കൊണ്ട് അവരെ നോക്കാൻ വീട്ടിൽ ആരും ഇല്ല. മൂത്തമകനെ സ്കൂളിൽ വിടണം. ചെറിയ ആൾക്ക് മൂന്നു വയസ്സേയുള്ളു. എനിക്കു മൂന്നു വർഷത്തെ വർക്ക് ഗ്യാപ് ഉണ്ട്. പിന്നെ നഴ്സ്മാരുടെ നൈറ്റും ഷിഫ്റ്റ് ഡ്യൂട്ടിയുമൊക്കെ എന്റെ മുമ്പിൽ ജോലിക്ക് ഒരു തടസ്സമായിരുന്നു. ഒരാളുടെ സാലറി (ഹസ്ബന്റ് നഴ്സ്) ബാംഗ്ളൂരിൽ റെന്റ് ഹൗസ്, മക്കളുടെ സ്കൂൾ ഫീസ്, ഇതൊക്കെ നമുക്ക് താങ്ങാൻ പറ്റുന്നില്ല. ഒക്ടോബർ മാസം ആണ് ഞാൻ ആദ്യമായിട്ട് യൂദാസ് ശ്ലീഹായോടു പറഞ്ഞത് അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ യൂദാസ് ശ്ലീഹ എനിക്ക് ഒരു ജോലി ലഭിക്കണമെന്നും ജനുവരിമാസത്തിലെ യൂദാസ് ശ്ലീഹായുടെ തിരുനാൾ പ്രസുദേന്തിയാകാൻ എനിക്ക്ആഗ്രഹം ഉണ്ട്. എന്റെ സാലറിയിൽ നിന്ന് എനിക്ക് അതു ചെയ്യണമെന്നും പറഞ്ഞു. നവംബർ മാസം എനിക്ക് ഒരു കോൾ വന്നു ഇന്റർവ്യൂ അറ്റന്റ് ചെയ്തു. എനിക്ക് എന്റെ സാഹചര്യത്തിനനുസരിച്ച് L--tation Councelor ആയി 9 മുതൽ 5 വരെ ഡ്യൂട്ടി തന്നു. ദൈവം എന്നെ അനുഗ്രഹിച്ചു. എത്ര ഹോസ്പിറ്റലിൽ ഞാൻ പോയി. അവിടെയൊക്കെ ഷിഫ്റ്റ് ഉം നൈറ്റും എനിക്ക് ജോലി ചെയ്യാൻ പറ്റുകയില്ലായിരുന്നു. യൂദാസ് ശ്ലീഹായുടെ മാദ്ധ്യസ്ഥത്താൽ ഈശോ തന്ന ഈ അനുഗ്രഹത്തിന് ഈശോയ്ക്കും യൂദാസ് ശ്ലീഹായ്ക്കും ഒരായിരം നന്ദി

ലിൻസി ഷിജോ

സെന്റ് ജൂഡ് ചർച്ച്

ഉദയനഗർ

## ഫൗസ്റ്റിന ലിതിൻ



യേശുവേ നന്ദി, യേശുവേ സ്തോത്രം

2023 ആഗസ്റ്റ് മാസത്തിൽ എനിക്ക് ഡെങ്കിപനി വരികയും ഹോസ്പിറ്റലിൽ അഡ്മിറ്റാവുകയും ചെയ്തു. ഡിസ്ചാർജായി വീട്ടിൽ വന്നതിനു ശേഷം എല്ലാ ദിവസവും തലവേദന ഉണ്ടാകുമായിരുന്നു. അപ്പോൾ ഞാൻ 3 മാസം ഗർഭിണിയുമായിരുന്നു. എന്റെ മനസ്സിൽ പ്രേരണ തോന്നിയതനുസരിച്ച് ഒരു ശനിയാഴ്ചത്തെ യൂദാതദേയൂസിന്റെ ഊട്ടുനേർച്ച ഏറ്റെടുത്ത് നടത്തുകയും അന്ന് മുതൽ തലവേദന പൂർണ്ണമായി വിട്ടുമാറുകയും ചെയ്തു. കൂടാതെ ബാംഗ്ളൂരിൽ സ്വന്തമായി ഒരു ഭവനം വാങ്ങുവാനുള്ള കൃപയും നൽകി ഞങ്ങളെ അനുഗ്രഹിച്ചു. അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ യൂദാതദേവൂസ് ഈശോയിൽ നിന്ന് ഇത്രയും വലിയ അനുഗ്രഹം വാങ്ങിതന്നതിന് ഒരായിരം നന്ദി.

എന്ന്
ഫൗസ്റ്റിന ലിതിൻ

## BERNA DSOUZA



I, Berna Dsouza, from Bangalore, would like to give my testimony that St. Jude has blessed me with a big favor. I always have St. Jude's picture with me, but I have never prayed to him. One day, I happened to go through all the pages of the Rosary book, and I came across St. Jude's novena. I read it once and something told me that I should pray to him for what I am worried about. The next day, I started my novena to St. Jude and requested him for 2 favors. One of the favors asked was to bless my son with an internship role in a good company. I had shared my son's resume with a few companies but there was no positive response from anybody. Everybody was saying, we are trying, it will take time, etc. This made me feel so miserable and hopeless, so I started the novena to St. Jude. On Day 1 of my novena to St. Jude, I received an email that one of the companies that was trying to take my son for an internship role received the budget approved and slowly things started getting better after that and in a matter of 10 days, my son received his offer letter by God's grace and St. Jude's intercession, it has been three months since my son has been working in the company.  St. Jude has been so kind and gave comfort to me and my family. Thank you so much, Dearest St. Jude, for your graces. Thank You, Dearest God, for your graces upon me and my family. Thank you for always being there for me and my family. for loving us, listening to my prayers, granting this miracle, and not letting me down. St. Jude, I pray to you, if it is in God's will and honor, please bless and grant me the 2nd favor I asked of you. Thank You.

## ANDREA MRIDULA JOBIN



Belief in something greater can provide solace and resilience in difficult situations. The positive impact faith and prayers have had in our lives especially during moments like my daughter's canceled surgery can strengthen one's faith and belief in the power of divine intervention. My daughter had issues since her birth and she had to undergo multiple surgeries. This year, she was supposed to undergo a hip surgery. I was devastated to the core and I prayed hard to St. Jude and when we met the doctor he said that she is better now and so the surgery was cancelled. The belief that St Jude is always there as an intercessor itself is a great solace. We are grateful to all the blessings we have received so far.

## JENCY XAVIER



My name is Jency Xavier. I belong to St. Anthony's parish and I work as a teacher. God's mercy and kindness is always with us and he answers our hearts desire whenever we call out to him. My life is a testimony to that.

I had a goiter in my throat and it was cancerous. I underwent two surgeries. In the first surgery itself my voice was completely gone and so I had to undergo the second surgery too, my doctors explained to me what may happen to me after the second surgery. My voice was gone and I was not able to talk. According to Isaiah 53:5 'He has healed me with His wounds'. Without any treatment I was miraculously healed and received my voice better than which I had.

My faith towards St Jude and St Antony was great. I kept hope in these saints that they will intercede for me to the Heavenly Father and I will be completely healed. These miraculous saints are always with us. Thanking God for all the blessings. All the time God is good. Amen.

## JESSY MATHEWS



I'm Jessy Mathews, from Bangalore. I had a large tumor in my Colon. All the doctors said it is Cancer and I will have to undergo chemotherapy first to reduce the size of the tumor and then only surgery can be done. I was admitted on a Saturday to start chemotherapy. Same day my Son in law attended St Jude Novena in Udayanagar church and prayed for me. Biopsy was done three times and the report came negative. So no chemotherapy was required. It's 5 months now, I'm completely fine. Thank you Jesus. Praise you Jesus.

## JOSE LUKOSE



Praise be to Christ the lord.

I am Jose Lukose. On completion of my education. my dream was to get a "Govt. Job". I Came to know about the powerful intercession of St. Jude through the testimonies of St. Jude published in the Deepika daily. I believed and, learned the prayer by heart, and repeated it now and then which blessed me with an appointment in the Railways at Bangalore in 2001, which was immediately after the completion of my education. Our house in Kerala is around 4 km away from our previous parish church. So my other dream was for a house in Bangalore which was close to a church and we prayed for it. Now we are blessed to own a house, just five minutes away from the church, in the name of St. Jude. I was diagnosed with cancer in my ascending colon in May 2023. There were many occasions during my treatment, where I could experience the blessing of the Lord through the intercession of St. Jude. I could complete the treatment successfully and resume my job in January 2024. Thank you, St. Jude. Praise be to the Lord.

## KINCY CECIL



"Praise the Lord."

My name is Kincy. Iam from St. Jude Udayanagar Parish In 2021. My Sister in law's father started having severe pain in upper abdomen. They are settled in U.K. They consulted many doctors in India and In UK, did lots of tests and could not find anything. After a lots of tests doctors found that there is a huge lump in the upper abdomen and it is cancerous. By this time the pain was unbearable and uncle was unable to lear it. Doctors said that surgery was not recommended due to the position of the tumor; in case of surgery death can happen on the operation table. Doctors recommended to try with chemo therapy.

So in 2022 - November Chemo started. Chemo made uncle even more weaker and sick. After the Chemo the scan was done again. But the tumor size did not reduce at all. Then the doctors said that there is no more treatement.

We all kept on praying for the Lord's mercy. In UK they tried to go for second opinion. So doctors referred them to a different hospital in 2023. November around the same time the preparations of St. Jude parish Perunnal was going on. Our parish priest Jomy Achan used to say that those who have financial ability should become presudenthi and pray with their "Niyogam" (Intention)

I used to pray for uncle in Novena and Holy Qurbana, So I also thought that Jesus is asking me to also become Presudenthi. So I told my husband that we would have the intention of the "cure of Uncle" and gave our kids name as presudenthi.

In the meantime UK doctors in the new hospital agreed to go with surgery. By God's grace the doctors said that they are going to take the risk and operate. But there is no gurantee that they could remove the lumb. They said that they will cut open and see the position and if it is possible to remove, they will remove, otherwise close as is and do nothing.

Surgey date was 9th Jan 2024. It was a miracle that doctor was able to remove the lump successully. It was of the size of a cauliflower, and the lump just came detatched as soon as the doctor touched it. It was very easy for him to remove and the surgery was successful. 3 weeks hospitalization was initially planned for the recovery, but uncle got discharged within 2 weeks. Now he is doing well, and in the recent checkup, doctors said that the progress is much faster than they expected. Praise the Lord.

We thank God for all his blessings and the miraclous healing that we experienced by the intercession of St. Jude. This is my testimony, and I praise the Lord for his healing touch

Thank you Jesus

## CHITRA THOMAS



My husband who is an IT professional had lost his job in February 2018.So to get a suitable job we used to pray the novena of St .Jude at home and offered this intention in the Hoy Mass and participated in the novena at the church and also sought the powerful intercession of Mother Mary. As a result, he got a much better IT job by May 2018.Our deep thanks to St. Jude and Mother Mary. All Glory to our good Lord Jesus Christ.

## JAMES & FAMILY



We were so happy when our son was born on 21st May 2021 but within one month, we noticed a bulge in his navel button. We showed to doctors but they told it might get cured naturally only after he is 2 years, but not completely sure though.

We started praying the Novena to St. Jude for a supernatural intervention from God. Also, we applied prayer oil to his navel area, entrusting his well-being into the hands of the divine.

Miraculously, within just 14 days, we witnessed a transformation - The bulge had disappeared completely, leaving us in awe of the power of prayer and the intercession of St. Jude.

Even the doctor was astounded by the rapid healing, could not deny the miraculous nature of what had occurred.

Another miracle we would like to share is about our US Visa. As per our Company's requirements, on February 13, 2023, we attended our US visa interview. However, we received a pink slip, indicating that our visa had been refused temporarily, pending the submission of additional documents. Despite our disappointment, we refused to lose faith and turned to St. Jude, the patron saint of hopeless cases.

We decided to start St Jude's novena and rosary prayers from February 14th to February 22nd, petitioning St. Jude to intervene on our behalf and secure the approval of our visa.

During this time when we started doubting on His power, God gave us a verse of hope through Habakkuk 2:3 - "Though it linger, wait for it; It will certainly come and will not delay".

Miraculously, on February 24th, just two days after the conclusion of our novena, we received an unexpected news – our passports arrived with visa stamps. It was an unbelievable moment for us and colleagues at our office because no one has ever heard someone receiving their visa stamped passports without a bare minimum of 60 days delay from the day of refusal.

We are humbled and grateful, to share yet another miracle of our flat purchase. Since 15th July 2023,our journey to purchase a flat was staggering for more than eight months due to one or the other reasons. Again we began the prayer of St. Jude, patron saint of impossible causes.

On the fourth day of invoking St. Jude's intercession, a breakthrough occurred. Against all odds, we received the long-awaited news – the date for the registration of our flat had been set for March 14th, 2024.

Thank you, St. Jude, for your steadfast intercession and unwavering presence in our lives. May our testimonies stand as a beacon of hope for everyone who is passing through similar situations.



# ഉപകാരസ്മരണ

Anish & Maymol, Sandy Varghese, Sunitha Sandy,
Johan George, Rani S George, T. L Joshy & Family,
Anto Jose Koikkara & Family,
N G Thomas & Family, Shibu Paul & Family,
Shaju Thattil Lonappan & Family,
Peter Valanchery & Family,
Johnson Elevathingal & Family,
Leo Starwyn & Family,
Neolife Homoeo Clinic, Benny M S & Family,
Blessy Paul & Family, Mejo Johny & Family



# ST. JUDE CHURCH UDAYANAGAR

**DIOCESAN PILGRIM CENTRE**

**Solemn Qurbaana :200/- | Ordinary Qurbaana : 100/- | Novena - Rs. 100/-**

## MASS TIMINGS

Monday to Friday
6:15 a.m. - 6:30 p.m
Saturday's
6:15am
**11AM HOLY MASS NOVENA & OOTTUNERCHA**
6:30pm - Holy Mass, Novena

Sunday's
6:30 a.m. - Malayalam Mass
9:00 a.m. - Malayalam mass
11:00 a.m. - English Mass
5:00 p.m. - Malayalam Mass

Mass and Novena to St Jude Thaddeus
**OOTTUNERCHA OFFERING IS RS 5000/-**

Scan For Offerings

## CONTACT US

Office: 963442114
Vicar: Rev Fr Jomy Mekkunnel CMI
9110248065
Email: stjudechurch.blr@gmail.com
Website: stjudechurch.in

Office Timing : Monday to Saturday
9:00 am to 12:00 pm | 4:00 pm to 6:00 pm
Sunday's 6:30 am to 11:30 am

Scan For Location

Design & Print @ Don Bosco IGACT, EKM. Ph: 0484-2806411